A2/116/2025-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ എം.ബി.എസ്. യൂത്ത് ക്വയർ എന്ന സ്ഥാപനത്തിന് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് മൂന്നാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.268/2026/CLAD തീയതി,തിരുവനന്തപുരം, 23-03-2026

---

പരാമർശം:-

1. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ
2. സ.ഉ.(സാധാ)നം.422/2025/സാം.കാ.വ. തീയതി 26.07.2025
3. സ.ഉ.(സാധാ)നം.102/2026/സാം.കാ.വ. തീയതി 05.02.2026
4. എം.ബി.എസ്. യൂത്ത് ക്വയർ സെക്രട്ടറിയുടെ 27.02.2026 തീയതിയിലെ അപേക്ഷ
5. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 04.03.2026 തീയതിയിലെ എ2-1031/25/സാം.വ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന എം.ബി.എസ്. യൂത്ത് ക്വയർ എന്ന സ്ഥാപനത്തിന് 2025-26 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 30,00,000/- രൂപ (മുപ്പത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും രണ്ട് ഗഡുക്കളായി പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം 4,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽനിന്ന് മൂന്നാം ഗഡു അനുവദിക്കുന്നതിന് എം. ബി. എസ്. യൂത്ത് ക്വയർ സെക്രട്ടറി പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (5) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ വഴുതക്കാട് പ്രവർത്തിക്കുന്ന എം.ബി.എസ്. യൂത്ത് ക്വയർ എന്ന സ്ഥാപനത്തിന് 2025-26 സാമ്പത്തിക വർഷം "2205-00-102-77-07 എം.ബി.എസ്. യൂത്ത് ക്വയർ & ലെനിൻ ബാലവാടി (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയ തുകയിൽ നിന്നും മൂന്നാം ഗഡുവായി 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) എസ്. റ്റി. എസ്. ബി. അക്കൗണ്ട്സ് സിസ്റ്റം ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പരാമർശം (1) ലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക സ്ഥാപനത്തിന്റെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ്

ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത സാമ്പത്തിക വർഷം ആദ്യ ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ 2025-26 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് സ്റ്റേറ്റ്മെന്റ്, പ്രതീക്ഷിത ചെലവ് വിവരം എന്നിവയും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEE R PILLAI
അണ്ടർ സെക്രട്ടറി

സെക്രട്ടറി, എം.ബി.എസ്. യൂത്ത് ക്വയർ, വഴുതക്കാട്, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E 3207659/EDN-D1/10/2025-FIN dated 21.03.2026)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba K P
Date: 23-03-2026 12:48:22
സെക്ഷൻ ഓഫീസർ